(സി) ഉത്തരവുകൾ കൈപ്പറ്റിയ എത്ര പേരാണ് കാഞ്ഞങ്ങാട്, കാസർഗോഡ് ഡിപ്പോകളിൽ ജോലിയിൽ പ്രവേശിച്ചതെന്ന് അറിയിക്കാമോ ;

(ഡി) കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ കണ്ടക്ടർമാർ ഇല്ലാത്തത് സർവ്വീസുകൾ മുടങ്ങുന്നതിന് കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് നമ്പർ 5363 വരെ ഉള്ളവർക്കുള്ള നിയമന നടപടികൾ പൂർത്തിയായിട്ടുണ്ട്. ആയതിൽ 73 പേരുടെ ID പി.എസ്.സി.-യിൽനിന്നും ലഭ്യമായിട്ടില്ല. നിയമനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) കാസർഗോഡ് ഡിപ്പോയിൽ 119 പേർക്കും കാഞ്ഞങ്ങാട് ഡിപ്പോയിൽ 86 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) 9-12-2014 വരെയുള്ള കണക്കനുസരിച്ച് കാസർഗോഡ് ഡിപ്പോയിൽ 39 പേരും കാഞ്ഞങ്ങാട് ഡിപ്പോയിൽ 24 പേരും ജോലിയിൽ പ്രവേശിച്ചു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പെൻഷൻ

330 (3964) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻ സ്റ്റാറ്റ്യൂട്ടറി പെൻഷനാണോ ;

(ബി) കെ.എസ്.ആർ.ടി.സി. പെൻഷൻ സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) അല്ല.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാദ്ധ്യത സംബന്ധിച്ച കോടതി വിധി പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly